"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-കെ.യു.ആർ.ഡി.എഫ്.സി- ജീവനക്കാര്യം- 25.06.2018 മുതൽ പ്രാബല്യത്തിൽ ശ്രീ. മനു ആർ നെ കെ.യു.ആർ.ഡി.എഫ്.സി യിൽ ഫിനാൻസ് മാനേജർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച നടപടി അംഗീകരിച്ചും സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1446/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/07/2019

---

പരാമർശം:- 1 15/12/2017 തീയതിയിലെ ത.സ്വ.ഭ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

2 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 25/01/2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/എ2/205/2018 നം. കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം 25.06.2018 മുതൽ പ്രാബല്യത്തിൽ ശ്രീ. മനു ആർ നെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിൽ ഫിനാൻസ് മാനേജർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച നടപടി അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

25.06.2018 ന് സേവനമാരംഭിച്ച ശ്രീ. മനു. ആർ ന്റെ Finance Manager തസ്തികയിലെ ആദ്യ വർഷത്തിലെ സേവന വേതന വ്യവസ്ഥകൾ ചുവടെപ്പറയും പ്രകാരം നിജപ്പെടുത്തുന്നു.

(I) ശ്രീ.മനു.ആർ ന്റെ കരാർ അടിസ്ഥാനത്തിലെ നിയമനം ഒരു വർഷത്തേയ്ക്ക് 60000/- രൂപ കൺസോളിഡേറ്റഡ് ശമ്പളത്തിൽ ആയിരിക്കും. ടിയാന് വേതന വർദ്ധന അനുവദിക്കേണ്ടതുണ്ടോയെന്ന വിഷയം ടിയാന്റെ നിയമനം ദീർഘിപ്പിച്ച നൽകുന്നുവെങ്കിൽ ആ സന്ദർഭത്തിൽ പരിശോധിക്കാവുന്നതാണ്.

(ii) ടിയാനു കെ.എസ്.ആർ ഭാഗം 1 അപ്പൻഡിക്സ് VIII പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കും.

(iii) കെ.എസ്.ആർ പാർട്ട് II ചട്ടങ്ങൾ പ്രകാരം കരാർ /ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് യാത്രാബത്ത അനുവദനീയമല്ല, എന്നിരുന്നാലും KURDFC -യിൽ കരാറടിസ്ഥാനത്തിൽ നിയമിതനായ ജീവനക്കാരനുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ, യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ മാത്രം ആയതിന്റെ അടിസ്ഥാനത്തിൽ യാത്രാബത്ത അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ എൽ**
**അണ്ടർ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി ലിമിറ്റഡ്, തിരുവനന്തപുരം

ശ്രീ.മനു.ആർ, ഫിനാൻസ് മാനേജർ (എം.ഡി, കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ (പി.യു.സി) വകുപ്പ് (പി.യു.സി2/49/2019/ധന പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ